ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയവ വ്യാപകമായി ഉണ്ടാകുന്നത് തടയാൻ നടപടി

134 (1603) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ രോഗങ്ങൾ വ്യാപകമാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രതിരോധ പ്രവർത്തനങ്ങളുടെയും ബോധവൽക്കരണത്തിന്റെയും കാര്യത്തിൽ ആരോഗ്യവകുപ്പ് പിന്നോക്കം പോകുന്നുവെന്ന പരാതി ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) ഈ രംഗത്ത് സർക്കാർ ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന കാരണങ്ങൾ മൂലമാണ് ഇത്തരം രോഗങ്ങൾ വ്യാപകമാകുന്നത് :-

1. പരിസര മലിനീകരണം
2. കൊതുകിന്റെ എണ്ണം പെരുകുന്നതുകൊണ്ട്
3. വൃത്തിഹീനമായ ചുറ്റുപാടുകളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുകൊണ്ട്
4. പകർച്ച വ്യാധികളെക്കുറിച്ചുള്ള അജ്ഞത

(ബി) പ്രധാനപ്പെട്ട വകുപ്പുകളെയും സ്വയംഭരണ സ്ഥാപനങ്ങളെയും സഹകരിപ്പിച്ചുകൊണ്ട് വിവിധതരം രോഗപ്രതിരോധ/ബോധവൽക്കരണ പരിപാടികൾ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്.

(സി) മാലിന്യങ്ങൾ നീക്കം ചെയ്ത് പരിസര ശുചിത്വം പാലിക്കാൻ ഊർജ്ജിതശ്രമങ്ങൾ നടത്തിവരുന്നു. ഡെങ്കിപ്പനി കണ്ടെത്തിയ സ്ഥലങ്ങളിൽ വാളന്റിയർമാരും ഹെൽത്ത് വർക്കേഴ്സും ചേർന്ന് വീടുവിടാന്തരം കയറി കൊതുകു നിവാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ ഫോഗിംഗ്, മരുന്നുതളി, മൈക്ക് അനൗൺസ്മെന്റ് ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയും നടക്കുന്നുണ്ട്. ഉപകരണങ്ങളും മരുന്നും വാങ്ങുവാനായി 115 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി നൽകിയിട്ടുണ്ട്. കൂടാതെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും മരുന്നു വാങ്ങുന്നതിനും മറ്റുമായി 2.30 കോടി രൂപ അധികമായി അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്.

ഡെങ്കിപ്പനി പടർന്നുപിടിക്കുന്നതിനുള്ള സാദ്ധ്യത

135 (1604) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏതൊക്കെ ജില്ലകളിലാണ് ഡെങ്കിപ്പനി പടരുന്നതിന്റെ ഭീഷണി ഏറെയുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തിരുവനന്തപുരം, എറണാകുളം, മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, കോട്ടയം, കണ്ണൂർ ജില്ലകളിൽ നിന്നാണ് ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

കണ്ണൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം എന്നിവയ്ക്കെതിരെ മുൻകരുതലുകൾ ഏർപ്പെടുത്താൻ നടപടി

136 (1605) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ, കേളകം, പേരാവൂർ, കണിച്ചാർ തുടങ്ങിയ പഞ്ചായത്തുകളിൽ ഡെങ്കിപ്പനി, എലിപ്പനി എന്നിവ വ്യാപകമായി ഉണ്ടായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഡെങ്കിപ്പനിയുടെ സംശയകരമായ കേസുകൾ കണ്ടെത്തിയതായി 2003 മേയ് 8-ന് കേളകം പി.എച്ച്.സി.-യിലെ ഫീൽഡ് വർക്കർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര പ്രതിരോധ നടപടികൾ സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കൊട്ടിയൂർ ഉത്സവത്തെ തുടർന്ന് കഴിഞ്ഞ വർഷം മഞ്ഞപ്പിത്തം വ്യാപകമായി ഉണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ വർഷം ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) കൊട്ടിയൂർ, കേളകം പഞ്ചായത്തുകളിൽ മുഴുവൻ വീടുകളിലും ജനങ്ങൾക്ക് പനിബാധിച്ച സാഹചര്യം കണക്കിലെടുത്ത് ഈ പ്രദേശത്തേയ്ക്കായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇടവിട്ടുണ്ടായ മഴയും മാലിന്യ നിർമ്മാർജ്ജനത്തിലുണ്ടായ അലംഭാവവുമാണ് പെട്ടെന്ന് ഈ രണ്ട് രോഗങ്ങളും ഉണ്ടാവാൻ കാരണമെന്ന് കരുതുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) കൊട്ടിയൂർ ഉത്സവത്തെത്തുടർന്ന് മണ്ണഞ്ചേരി കോളനിയിൽ 10 പേർക്കു മഞ്ഞപ്പിത്തരോഗം ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly